# എല്ലാവർക്കും നല്ലത് ഇച്ഛിക്കുക

സാക് പുന്നൻ

WFTW 13 സെപ്റ്റംബർ 2015

കയീന്റെ വഴിയിൽ നടക്കുന്നവരെപ്പറ്റി യൂദാ പറയുന്നുണ്ട് (യൂദാ.11). അവർ ആരാണ്? തങ്ങളുടെ സഹോദരന്മാർക്കു നല്ലത് ഇച്ഛിക്കാത്തവരാണ് അവർ. ദൈവം കയീനോടു പറഞ്ഞത്, അവന്റെ അടിസ്ഥാനപരമായ പ്രശ്നം, അവൻ തന്റെ സഹോദരൻ ഹാബേലിന് നന്മ ഉദ്ദേശിച്ചില്ല എന്നാണ് (ഉൽപ. 4:7). ഈ കാര്യത്തിൽ നമുക്കെല്ലാവർക്കും ഒരു ആത്മ പരിശോധന ഉണ്ടായിരിക്കുന്നത് നല്ലതാണ്.

നിങ്ങളുടെ പ്രാദേശിക സഭയിലുള്ള എല്ലാ സഹോദരന്മാർക്കും സഹോദരിമാർക്കും അവരുടെ കുടുംബത്തിനും വേണ്ടി ഏറ്റവും നല്ലതാണ് നിങ്ങൾ ആഗ്രഹിക്കുന്നത് എന്ന് സത്യസന്ധമായി നിങ്ങൾക്കു പറയാൻ കഴിയുമോ? മറ്റു വിഭാഗങ്ങളിലുള്ള നിങ്ങൾ അറിയുന്ന മറ്റു വിശ്വാസികൾക്കുവേണ്ടി ഏറ്റവും നല്ലതാണ് നിങ്ങൾ വാഞ്ഛിക്കുന്നതെന്നുകൂടി പറയുവാൻ കഴിയുമോ? ആ വൃത്തം ഒന്നുകൂടി വിസ്തൃതമാക്കിയിട്ട്, നിങ്ങളുടെ ബന്ധുക്കൾ, നിങ്ങളുടെ ശത്രുക്കൾ, നിങ്ങളെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിച്ചിട്ടുള്ളവർ തുടങ്ങിയവർ ഉൾപ്പെടെ നിങ്ങൾക്കറിയാവുന്ന എല്ലാവർക്കും വേണ്ടി ഏറ്റവും നല്ലത് നിങ്ങൾ ഇച്ഛിക്കുന്നുണ്ടോ എന്നു നിങ്ങളോടു തന്നെ ചോദിക്കുക.

മറ്റൊരു വ്യക്തിക്കോ അയാളുടെ മക്കൾക്കോ എന്തെങ്കിലും നന്മ ഉണ്ടാകുമ്പോൾ (ഒരു ആനന്ദത്തിനു പകരം) നിങ്ങളുടെ ഹൃദയത്തിൽ ഒരു അസ്വസ്ഥത നിങ്ങൾ കാണുന്നെങ്കിൽ, അല്ലെങ്കിൽ അയാൾക്കോ അയാളുടെ കുടുംബത്തിനോ എന്തെങ്കിലും തിന്മയായതു സംഭവിക്കുമ്പോൾ ദുഃഖത്തിനു പകരം നിങ്ങളുടെ ഹൃദയത്തിൽ ഒരു സന്തോഷം നിങ്ങൾക്ക് അനുഭവപ്പെടുന്നെങ്കിൽ, അങ്ങനെയുള്ള മനോഭാവം എന്തിനെയാണ് സൂചിപ്പിക്കുന്നത്? ആദാമിന്റ ജീവൻ ഇപ്പോഴും നിങ്ങളിൽ സജീവമാണ് എന്നു തന്നെയാണ് അതു കാണിക്കുന്നത്.

നിങ്ങൾ നിങ്ങളോടു തന്നെ സത്യസന്ധരാണെങ്കിൽ നിങ്ങൾ നടക്കുന്നത് കയീന്റെ വഴിയിലാണോ അല്ലയൊ എന്നതു വേഗം കണ്ടുപിടിക്കും. ദൈവത്തിന്റെ അഗ്നിയും അഭിഷേകവും നിങ്ങളിൽ സ്ഥിരമായി നിലനിൽക്കണമെങ്കിൽ, ആ തിന്മ നിറഞ്ഞ ആദാമ്യ ജീവൻ നിങ്ങളുടെ ഉള്ളിൽ നിങ്ങൾ കാണുമ്പോൾ അതിനെ മരണത്തിനേൽപ്പിക്കാൻ തിടുക്കമുള്ളവരായിരിക്കണം.

ഗോതമ്പു മണി നിലത്തു വീണു പൂർണ്ണമായി മരിക്കുമ്പോൾ മാത്രമേ അവിടെ അധികം ഫലം ഉണ്ടാകുകയുള്ളു. തനിക്കു തന്നെ പൂർണ്ണമായി മരിച്ച ഒരുവന് ഒരിക്കലും ഇടർച്ച ഉണ്ടാകുകയില്ല. മറ്റുള്ളവർ എന്തു ചെയ്താലും ചെയ്തില്ലെങ്കിലും അതവനു കാര്യമല്ല. അവർ എല്ലാവർക്കും എപ്പോഴും നന്മ ഇച്ഛിക്കും. അവൻ തന്നെ സംബന്ധിക്കുന്ന ഒരു കാര്യത്തിനും അവൻ കോപിക്കുകയോ, ആരോടും വഴക്കുണ്ടാക്കുകയോ ഇല്ല. അയാൾ തനിക്കു വേണ്ടി തന്നെ സ്വയസഹതാപത്തിന്റെ ഒരു തുള്ളി കണ്ണുനീർ പോലും വാർക്കുകയില്ല കാരണം മരിച്ച ആളുകൾ അവരുടെ കുഴിമാടങ്ങളിൽ കരയാറില്ല.

കയീൻ തന്റെ സഹോദരനു വേണ്ടി നല്ലതു ഇച്ഛിക്കാതിരുന്നപ്പോൾ അവന്റെ മുഖം വാടിയതും ഇരുണ്ടതും ആയിരുന്നു (ഉൽപ. 4:6). നമുക്ക് അതു മനസ്സിലാകുകയില്ലായിരിക്കാം. എന്നാൽ നമ്മുടെ ഹൃദയത്തിലുള്ള മനോഭാവം മിക്കപ്പോഴും നമ്മുടെ മുഖത്ത് പ്രതിഫലിക്കപ്പെടുന്നു. നിങ്ങൾ എല്ലാവർക്കും വേണ്ടി നന്മ ഇച്ഛിക്കുന്നു എങ്കിൽ, നിങ്ങളുടെ

മുഖം എപ്പോഴും കർത്താവിന്റെ സന്തോഷം കൊണ്ട് തിളങ്ങും. അനേകം വിശ്വാസികളും കയീന്റെ വഴിയിലാണ് നടക്കുന്നത്. അവരുടെ തളർന്ന പുഞ്ചിരികളുടെയും അവരുടെ അധരങ്ങളിൽ നിന്നു വരുന്ന ''പ്രയ്സ് ദ ലോർഡ്'' ന്റെയും എല്ലാം അടിയിൽ കാണപ്പെടുന്നത് അവരുടെ സഹവിശ്വാസികളോടുള്ള തെറ്റായ മനോഭാവമാണ്.

ആളുകൾ നിങ്ങൾക്കെതിരെ തിരിയുകയും, നിങ്ങൾക്കു തിന്മ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ ഹൃദയത്തിന്റെ യഥാർത്ഥ അവസ്ഥയുടെ ഒരു സ്കാൻ തരാൻ വേണ്ടി ദൈവം അവയെ ഉപയോഗിക്കുന്നു. നിങ്ങൾക്ക് അവരെ സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ, ദൈവത്തിന്റെ പ്രകൃതത്തിൽ നിങ്ങൾ പങ്കാളിയായിട്ടില്ലെന്നു നിങ്ങളുടെ ഹൃദയത്തിന്റെ സ്കാൻ കാണിക്കും. കാരണം ദൈവത്തിന്റെ പ്രകൃതം അവിടുത്തെ ശത്രുക്കളെയും സ്നേഹിക്കുന്ന ഒന്നാണ്. ഇസ്കര്യോത്താ യൂദയ്ക്കുപോലും യേശു നല്ലത് ഇച്ഛരിച്ചു.

ദൈവം എല്ലാ ആളുകൾക്കും ഏറ്റവും നല്ലത് ഉദ്ദേശിക്കുന്നു. നമുക്കും ഈ സ്വഭാവത്തിൽ പങ്കാളികളാകാം എന്നതാണ് സുവിശേഷ സന്ദേശം.